

10-02-2023

FRIDAY വെള്ളിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

Agriculture Development and Farmer’s Welfare Department

GOVERNMENT OF KERALA

Chief Editor : PADMAM S. Editor : Dr. BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram -695003
Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com
Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-10/02/2023.

1. സംസ്ഥാന കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ വൈഗ അന്താരാഷ്ട്ര ശില്പശാല ഫെബ്രുവരി 25 മുതൽ മാർച്ച് 2 വരെ സംഘടിപ്പിക്കുന്നു. കാർഷിക സംരംഭകർക്ക് വിശദമായ പ്രോജക്ടുകൾ തയ്യാറാക്കി നൽകുന്ന ഡിപിആർ ക്ലിനിക്ക്, കാർഷിക മേഖലയിലെ പ്രശ്നങ്ങൾക്ക് നവീനവും ശാസ്ത്രീയവുമായ സാങ്കേതിക വിദ്യകൾ വികസിപ്പിക്കുന്നതിനുള്ള അഗ്രി ഹാക്കത്തോൺ, ഉത്പാദകരെയും സംരംഭകരെയും തമ്മിൽ ബന്ധിപ്പിക്കുന്ന ബി ടു ബി മീറ്റ്, എക്സിബിഷനുകൾ, കാർഷിക സെമിനാറുകൾ തുടങ്ങിയവ വൈഗയോടനുബന്ധിച്ച് സംഘടിപ്പിക്കുന്നതാണ്. പരിപാടിയിൽ പങ്കെടുക്കുന്നതിന് വേണ്ടി www.vaigakerala.com എന്ന വെബ്സൈറ്റ് വഴി രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ സൗജന്യമാണ്.

ഡിപിആർ ക്ലിനിക്കിൽ പങ്കെടുക്കുന്ന സംരംഭകർക്ക് പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന് ആധികാരികവും ശാസ്ത്രീയവുമായ പരിശീലനം, സംരംഭം വിജയകരവും ലാഭകരവുമായി പൂർത്തിയാക്കുന്നതിനും, സംരംഭകർക്ക് വേണ്ടിയുള്ള വിവിധ സർക്കാർ പദ്ധതികളെയും ധനസഹായങ്ങളെയും സംബന്ധിച്ചുള്ള നിർദ്ദേശങ്ങളും ലഭിക്കുന്നതാണ്. സാമ്പത്തിക വിദഗ്ധരുടെയും ശാസ്ത്രജ്ഞരുടെയും സംരംഭകരുടെയും ക്ലാസുകൾ ഇതോടനുബന്ധിച്ച് ഉണ്ടായിരിക്കുന്നതാണ്. ഫെബ്രുവരി 15, 16, 17 തീയതികളിൽ തിരുവനന്തപുരം ആനയറയിലുള്ള കൃഷി വകുപ്പിന്റെ SAMETI യിൽ ആണ് ഡിപിആർ ക്ലിനിക്ക് സംഘടിപ്പിക്കുന്നതാണ്. ഇതിലേക്കുള്ള രജിസ്ട്രേഷൻ ഫെബ്രുവരി 10 വെള്ളിയാഴ്ച രാത്രി 12 മണിക്ക് അവസാനിക്കുന്നതാണ്. സംരംഭകരാകാൻ താല്പര്യമുള്ള എല്ലാവരും ഈ അവസരം പ്രയോജനപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

വൈഗ ഫെസ്റ്റിന്റെ ഭാഗമായി സംഘടിപ്പിക്കുന്ന അഗ്രി ഹാക്കത്തോണിൽ കോളേജ് വിദ്യാർത്ഥികൾ, സ്റ്റാർട്ടപ്പുകൾ, കർഷകർ, പൊതുജനങ്ങൾ എന്നിവർ പങ്കെടുക്കുന്നു. കാർഷിക കേരളം അഭിമുഖീകരിക്കുന്ന പ്രധാന വെല്ലുവിളികൾക്ക് ഫലപ്രദമായ പരിഹാരം തേടുക എന്നതാണ് വൈഗ അഗ്രി ഹാക്ക് 2023ന്റെ പ്രധാന ലക്ഷ്യം. 36 മണിക്കൂർ ദൈർഘ്യമുള്ള ഹാക്കത്തോണിൽ കോളേജ് വിദ്യാർത്ഥികൾ, സ്റ്റാർട്ടപ്പുകൾ, കർഷകർ- പ്രൊഫഷണലുകൾ ഉൾപ്പെടെ പൊതുജനങ്ങൾ എന്നിങ്ങനെ 3

വിഭാഗങ്ങൾ ഉൾപ്പെടുന്നു.. പങ്കെടുക്കുന്ന ടീമുകൾ 2023 ഫെബ്രുവരി 12ന് മുൻപ് www.vaigakerala.com എന്ന വെബ്സൈറ്റ് വഴി രജിസ്റ്റർ ചെയ്യണം. രജിസ്ട്രേഷൻ ചെയ്യുന്ന അവസരത്തിൽ കാർഷിക കേരളം നേരിടുന്ന പ്രധാന പ്രശ്നവും പരിഹാരവും നിർദ്ദേശിക്കുന്ന വിവരണം നൽകേണ്ടതാണ്. മികച്ച 30 എണ്ണം 2023 ഫെബ്രുവരി 25 മുതൽ 27 വരെ തിരുവനന്തപുരത്തെ വെള്ളായണി കാർഷിക കോളേജിൽ നടക്കുന്ന ഗ്രാൻഡ്ഫിനാലെയിലേക്ക് ഷോർട്ട് ലിസ്റ്റ് ചെയ്യും. മത്സരിക്കുന്ന ടീമുകൾ അവരുടെ നിർദിഷ്ട പരിഹാരം പ്രായോഗികമായി വികസിപ്പിക്കുകയും ഗ്രാൻഡ്ഫിനാലയിൽ അവതരിപ്പിക്കുകയും വേണം. ഇതിൽനിന്ന് ഓരോ വിഭാഗത്തിൽ നിന്നും മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന ടീമുകളെ ഫൈനൽ ജഡ്ജ്മെന്റ് എന്ന അവസാന റൗണ്ടിലേക്ക് തിരഞ്ഞെടുക്കുന്നു. അന്തിമ വിജയികളെ ഫൈനൽ ജഡ്ജ്മെന്റിലെ പ്രകടനത്തിന് അടിസ്ഥാനമാക്കി തെരഞ്ഞെടുക്കുന്നു.

കേരളത്തിലെ വിളവെടുപ്പിന് ശേഷമുള്ള ഇടപെടലുകളിൽ മൂല്യവർദ്ധനവിന്റെ ആവശ്യകതയും സാധ്യതകളും പ്രദർശിപ്പിക്കുന്നതിന് വൈഗ ഫെസ്റ്റ് അവസരം നൽകുന്നു. ഇന്ത്യയിൽ നിന്നും വിദേശത്തു നിന്നുമുള്ള കയറ്റുമതിക്കാരും കർഷകരുമായി ആജീവനാന്ത വ്യാപാര ബന്ധത്തിന്റെ ഫലമായി തദ്ദേശീയ കാർഷിക ഉൽപന്നങ്ങളുടെ വിപണനക്ഷമതയിൽ ഒരു വഴിത്തിരിവ് സൃഷ്ടിക്കുകയാണ് B2B MEET ലക്ഷ്യമിടുന്നത്. വിൽപനക്കാരായി പങ്കെടുക്കുന്ന വിവിധ എഫ്പിഒകൾ, എംഎസ്എംഇകൾ, ഫാർമർ ഗ്രൂപ്പുകൾ എന്നിവരുടെ ഉൽപ്പന്നങ്ങൾ, ജിഐ ഉൽപ്പന്നങ്ങൾ, സംസ്കരിച്ചതും മൂല്യവർധിതവുമായ ഉൽപ്പന്നങ്ങൾ എന്നിവയുടെ സാധ്യതകൾ പര്യവേക്ഷണം ചെയ്യാനുള്ള അവസരം B2B നൽകുന്നു. പ്രദർശിപ്പിച്ച ഉൽപ്പന്നങ്ങളുടെ കയറ്റുമതി, വിപണി സാധ്യതകൾ പ്രയോജനപ്പെടുത്താൻ വിൽപ്പനക്കാർക്കും അവസരം ലഭിക്കും. ഫെബ്രുവരി 28 നു തിരുവനന്തപുരം മസ്കറ്റ് ഹോട്ടലിലാണ് ബി2ബി സംഘടിപ്പിക്കുന്നത്. കൂടുതൽ വിവരങ്ങൾക്കും വിവിധ പരിപാടികളിൽ പങ്കെടുക്കുന്നതിനും സ്റ്റാളുകൾ മുൻകൂട്ടി ബുക്ക് ചെയ്യുന്നതിനും www.vaigakerala.com എന്ന വെബ്സൈറ്റ് സന്ദർശിക്കാവുന്നതാണ്. ബി2ബി മീറ്റിൽ ബയേഴ്സ് രജിസ്ട്രേഷന് ഈ മാസം 24വരെ (24.02.2023) സമയം അനുവദിച്ചിട്ടുണ്ട്.

2. ചെറുകിട നാമമാത്ര കർഷകർക്ക് കാർഷിക ആവശ്യത്തിനുള്ള സൗജന്യ വൈദ്യുതി പദ്ധതിയുടെ ആനുകൂല്യം മുൻകൂറായി ഗുണഭോക്താക്കളുടെ ഗ്രൂപ്പുകൾ/ പാടശേഖര സമിതികൾ തുടങ്ങുന്ന ബാങ്ക് അക്കൗണ്ടിലേക്ക് നൽകുന്നതിനായി ഗ്രൂപ്പിനുവേണ്ടി പ്രസിഡന്റ്, സെക്രട്ടറി, കൃഷിഓഫീസർ എന്നിവരുടെ പേരിൽ സംയുക്ത ബാങ്ക് അക്കൗണ്ട് സീറോ ബാലൻസ് ആയി ആരംഭിക്കണമെന്ന് അറിയിച്ചിരുന്നു. എന്നാൽ കെ എസ് ഇ ബി യിലേക്ക് തുക കൊടുക്കുന്നതിന് വേണ്ടി മാത്രമായി കർഷക ഗ്രൂപ്പുകൾ പാടശേഖരസമിതികൾ എന്നിവയുടെ പേരിലുള്ള ഡെസിഗ്നേറ്റഡ് സീറോ ബാലൻസ് എസ്ക്രോ അക്കൗണ്ട് ഗ്രൂപ്പുകൾ തുടങ്ങാൻ ബുദ്ധിമുട്ടുള്ള പ്രദേശങ്ങളിൽ ഗുണഭോക്താവായ കർഷകർക്ക് വ്യക്തിഗത സീറോ ബാലൻസ് എസ്ക്രോ അക്കൗണ്ട് തുടങ്ങാവുന്നതാണ്

3. സംസ്ഥാന ക്ഷീരസംഗമം പടവ് 2023 തൃശ്ശൂരിൽ അരങ്ങേറുകയാണ്. സംസ്ഥാനതലത്തിൽ സംഘടിപ്പിക്കുന്ന ക്ഷീരസംഗമം 2023 ഫെബ്രുവരി 10 മുതൽ 15 വരെ മണ്ണുത്തി വെറ്ററിനറി കോളേജ് ക്യാമ്പസിൽ വച്ച് ക്ഷീരവികസന വകുപ്പ്, മിൽമ, കേരള ഫീഡ്സ്, കെ.എൽ.ഡി. ബോർഡ്, വെറ്ററിനറി സർവകലാശാല, മൃഗസംരക്ഷണ വകുപ്പ്, ക്ഷീരസംഘങ്ങൾ, ക്ഷീരകർഷക ക്ഷേമനിധി എന്നിവരുടെ സംയുക്ത ആഭിമുഖ്യത്തിൽ നടത്തപ്പെടുകയാണ്. ക്ഷീരമേഖലയിലെ നൂതന വിവരങ്ങൾ നൽകുവാൻ ഉതകുന്ന കേരള ഡയറി എക്സ്പോ, ക്ഷീരഗ്രാമം പദ്ധതി ഉദ്ഘാടനം, മാധ്യമ ശില്പശാല, ക്ഷീരസ്പന്ദനം, ക്ഷീരകർഷക അദാലത്ത്, കരിയർ ഗൈഡൻസ് സെമിനാർ, സാംസ്കാരിക ഘോഷയാത്ര, പുരോഗമനോന്മുഖ കർഷക സെമിനാർ, സഹകാരികൾക്കും ക്ഷീരസംഘം ജീവനക്കാർക്കുമുള്ള ശില്പശാല, സംവാദ സദസ്സ്, ക്ഷീരസഹകാരി സംഗമം, വനിതാ സംരംഭകത്വ ശില്പശാല, ക്ഷീരകർഷക മുഖാമുഖം, ദേശീയ ഡയറി സെമിനാർ, ഡോ. വർഗ്ഗീസ് കുര്യൻ അവാർഡ് ദാനം, ക്ഷീരസഹകാരി അവാർഡ് ദാനം, നാടൻ പശുക്കളുടെ പ്രദർശനം, കലാസന്ധ്യ, ക്യാമ്പസ് സന്ദർശനം, സൗജന്യ മെഡിക്കൽ ക്യാമ്പ് എന്നിങ്ങനെ വിവിധ പരിപാടികൾ ക്ഷീരസംഗമത്തോടനുബന്ധിച്ച് സംഘടിപ്പിക്കുന്നു.

ആറു ദിവസത്തെ പരിപാടിയിൽ ബഹു. കേരള മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ,. നിയമസഭാ സ്പീക്കർ ശ്രീ. എ.എൻ.ഷംസീർ, ബഹു. മന്ത്രിമാരായ ശ്രീമതി ജെ. ചിഞ്ചുറാണി, അഡ്വ. കെ. രാജൻ, ശ്രീ. കെ.എൻ.ബാലഗോപാൽ, ശ്രീ. കൃഷ്ണൻകുട്ടി, ശ്രീ.ജി.ആർ.അനിൽ, ശ്രീ. വി.എൻ.വാസവൻ, ശ്രീ. പി.

രാജീവ്, ശ്രീ. എം.ബി.രാജേഷ്, ശ്രീ.പി.പ്രസാദ്, ശ്രീമതി. ആർ.ബിന്ദു, ശ്രീ.കെ.രാധാകൃഷ്ണൻ, ബഹു. നിയമസഭാ ഡെപ്യൂട്ടി സ്പീക്കർ ശ്രീ. ചിറ്റയം ഗോപകുമാർ, എന്നിവർ പങ്കെടുക്കുന്നു.

4. പി എം കിസാൻ (പ്രധാൻ മന്ത്രി കിസാൻ സമ്മാൻ നിധി) 13-ാം ഗഡു ലഭിക്കുന്നതിന് ഗുണഭോക്താക്കൾ, ബാങ്ക് അക്കൗണ്ട് ആധാർ സീഡിംഗ്, ഇ കെ വൈ സി, പി എഫ് എം എസ് ഡയറക്ട് ബെനഫിറ്റ് ട്രാൻസ്ഫറിനായി ബാങ്ക് അക്കൗണ്ട് സജ്ജീകരിക്കുക തുടങ്ങിയവ നിർബന്ധമായും 2023 ഫെബ്രുവരി 10 നു മുൻപായി പൂർത്തീകരിക്കണമെന്ന് സ്റ്റേറ്റ് നോഡൽ ഓഫീസർ അറിയിച്ചു. ഈ നടപടികൾ പൂർത്തീകരിക്കാത്ത ഗുണഭോക്താക്കൾ അടുത്തുള്ള പോസ്റ്റ് ഓഫീസ് സന്ദർശിച്ചു ഇന്ത്യ പോസ്റ്റ് പേയ്മെന്റ് ബാങ്ക് അക്കൗണ്ട് തുടങ്ങുന്നതിലൂടെ പി എം കിസാൻ ആനുകൂല്യം ലഭിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിക്കാവുന്നതാണ്.

5. 2022-23 വർഷത്തെ **കൃഷി വകുപ്പ് നടപ്പിലാക്കുന്ന ഫാം പ്ലാൻ അധിഷ്ഠിത കാർഷിക വികസന** പദ്ധതിയുടെ ഭാഗമായി, കർഷകർ പ്രാദേശികമായി ഉൽപാദിപ്പിക്കുന്ന ഉൽപന്നങ്ങൾ വില്പ്പകന നടത്തുന്നതിനായി "പ്രീമിയം സ്റ്റാളുകൾ" സ്ഥാപിക്കുന്നതിന് കൃഷിവകുപ്പ് ലക്ഷ്യമിടുന്നു. കാർഷിക മേഖലയിൽ പ്രവർത്തിക്കുന്ന വിവിധ FPO കൾ, കുറഞ്ഞത് മൂന്നു വർഷം മാർക്കറ്റിങ് മേഖലയിൽ വൈദഗ്ധ്യമുള്ള സന്നദ്ധസംഘടനകൾ, കാർഷിക ഉല്പന്നങ്ങളുടെ സംഭരണം, വിപണനം എന്നിവ നടത്തുന്ന കുടുംബശ്രീ യൂണിറ്റുകൾ, പ്രാഥമിക സർവീസ് സഹകരണ സൊസൈറ്റികൾ, ഫെഡറേറ്റഡ് ഓർഗനൈസേഷനുകൾ, റസിഡന്റ്സ് അസോസിയേഷനുകൾ, തുടങ്ങിയവയ്ക്ക് അപേക്ഷിക്കാവുന്നതാണ്. അപേക്ഷകൾ 10/02/2023 നകം സമർപ്പിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് അതാത് ബ്ലോക്ക് തല കൃഷി അസിസ്റ്റന്റ്. ഡയറക്ടർ ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്.

## പരിശീലന പരിപാടി

6. കേരള കാർഷിക സർവകലാശാലയുടെ കീഴിൽ തൃശൂർ ജില്ലയിലെ മണ്ണുത്തിയിലുള്ള കാർഷിക ഗവേഷണ കേന്ദ്രത്തിലും, പാലക്കാട് ജില്ലയിലെ പട്ടാമ്പിയിലും മലപ്പുറം ജില്ലയിലെ തവനൂരിലുമുള്ള കൃഷി വിജ്ഞാന കേന്ദ്രങ്ങളിലും ഫെബ്രുവരി മൂന്നാം വാരം മുതൽ കൃത്യതാ കൃഷി, പോളിഹൗസ് നിർമ്മാണം, മഴമറ നിർമ്മാണം, പോളിഹൗസുകളിലെ വിള പരിപാലനം, തുള്ളി നന/സ്പ്രിംഗ്ലർ ജല സേചന സംവിധാനങ്ങൾ സ്ഥാപിക്കൽ, ട്രാക്ടർ, പവർ ടില്ലർ തുടങ്ങിയ കാർഷിക ഉപകരണങ്ങൾ

പ്രവർത്തിപ്പിക്കൽ, മൂല്യവർധിത ഉൽപ്പന്നങ്ങൾ തയ്യാറാക്കൽ എന്നീ വിഷയങ്ങളിൽ 18 മുതൽ 50 വയസു വരെ പ്രായമുള്ള സ്ത്രീകൾക്കായി സൗജന്യ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. താല്പര്യമുള്ളവർ താഴെ പറയുന്ന ഫോൺ നമ്പറുകളിൽ പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 09:30 മുതൽ വൈകീട്ട് അഞ്ചു മണി വരെയുള്ള സമയങ്ങളിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്റ്റർ ചെയ്യുന്നതിനുള്ള അവസാന തീയ്യതി ഫെബ്രുവരി 10 (10/02/2023).കൂടുതൽ വിവരങ്ങൾക്ക് 7594899764, 0487 – 2370726 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം